# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3241

13-03-2017-ൽ മറുപടിക്ക്

ചോദ്യം

ഉത്തരം

| ശ്രീ. കെ.സി. ജോസഫ് | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2015-16, 2016-17 കാലയളവുകളിൽ ഇന്ദിരാ ആവാസ് യോജനയിൽ എത്ര വീടുകൾ അനുവദിച്ചുവെന്നും എത്ര വീടുകൾ പൂർത്തിയായെന്നും വ്യക്തമാക്കുമോ; | (എ) | 2015-16 വർഷം ഐ.എ.വൈ ഭവന പദ്ധതിയിൽ 56203 വീടുകൾ അനുവദിച്ചിട്ടുണ്ട്. ടി വർഷം അനുവദിച്ചതിൽ 25497 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് (07-03-2017-ലെ MIS റിപ്പോർട്ട് പ്രകാരം) 2016-17 വർഷം PMAY (G) ഭവന പദ്ധതിയിൽ 32559 വീടുകൾ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി വർഷത്തെ വീടുകളിൽ 4 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇന്ദിരാ ആവാസ് യോജനയ്ക്ക് പകരം പ്രഖ്യാപിച്ച പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതിയിൽ ആളൊന്നിന് എത്ര വീടുകൾ അനുവദിച്ചു; ഓരോ വീടിനും എത്ര രൂപ വീതം നൽകുമെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപ വീതമെന്നും വെളിപ്പെടുത്തുമോ? | (ബി) | 7864 പേർക്ക് വീടനുവദിച്ചിട്ടുണ്ട്. ഓരോ വീടിനും നൽകുന്ന തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു<br>1. പൊതു വിഭാഗം/ന്യൂനപക്ഷ വിഭാഗം - 2,00,000/-<br>2.പട്ടികജാതി വിഭാഗം - 3,00,000/-<br>3.പട്ടികവർഗ്ഗ വിഭാഗം - 3,50,000/-<br>മേൽ തുകകളിൽ 1,20,000/- രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ അനുവദിക്കുന്നു (കേന്ദ്രം - 72,000/-, സംസ്ഥാനം - 48,000/-) |

സെക്ഷൻ ഓഫീസർ